**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3187**
**24.02.2016 ലെ മറുപടിക്ക്**
**<u>മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക</u>**

| **ചോദ്യം.**<br>**ശ്രീ. മോൻസ് ജോസഫ്** | **ഉത്തരം.**<br>**ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യ മന്ത്രി)** |
|---|---|
| (എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ട് ; ആയത് എന്നേക്ക് കൊടുത്തു തീർക്കും; ഈ വേതനം മാസം തോറും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവരുടെ കമ്മീഷൻ ഈ സർക്കാരിന്റെ കാലത്തുതന്നെ 1% വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | മഹിളാ പ്രധാൻ, എസ്.എ.എസ് ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലമാണ് നൽകിവരുന്നത്. ആറു മാസത്തെ പ്രതിഫലം കുടിശ്ശികയുണ്ട്. ഇതിൽ രണ്ട് മാസത്തെ പ്രതിഫലം വിതരണം ചെയ്യാനുള്ള നടപടി പുരോഗമിക്കുന്നു. മഹിളാ പ്രധാൻ ഏജന്റുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചശേഷമാണ് എത്ര തുക നൽകണം എന്ന് കണക്കാക്കുന്നത്. അതുകൊണ്ട് അതാത് മാസം പ്രതിഫലം കൊടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.ഏജന്റുമാരുടെ കമ്മീഷൻ കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. ആയതിനാൽ വർദ്ധനവ് സംബന്ധിച്ച് കേന്ദ്രഗവൺമെന്റാണ് തീരുമാനമെടുക്കുന്നത്. |
| (ബി) പ്രസ്തുത ഏജന്റുമാരുടെ ക്ഷേമനിധി എല്ലാ ജീവനക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പാക്കുമോ ; ക്ഷേമനിധിയിൽ അടച്ച തുകയുടെ വിവരം അറിയുന്നതിന് അംഗങ്ങൾക്ക് അവസരം നൽകുമോ ; ഇവർക്ക് പാസ്സ ബുക്ക് ലഭ്യമാക്കി തുക കൃത്യമായും അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പ വരുത്തുമോ; | 65 വയസ്സിന് താഴെയുള്ള എല്ലാ ഏജന്റുമാരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ക്ഷേമനിധി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അടച്ച തുകയുടെ വിവരം അറിയുന്നതിന് നിലവിൽ അവസരം ഉണ്ട്. പാസ്ബുക്ക് ലഭ്യമാക്കുന്നതിനും തുക കൃത്യമായും അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ കാലോചിതമായി പരിഷ്കരിക്കുമോ ; ഇപ്പോൾ എത്ര തുകയാണ് കുറഞ്ഞ പെൻഷനായി ലഭിക്കുന്നത് ; ഇവർക്ക് ആരോഗ്യ ഇൻഷുറൻ പദ്ധതി നടപ്പാക്കുമോ ? | മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പരിഷ്കരണം നിലവിൽ പരിഗണനയിലില്ല.<br>ഇപ്പോൾ 600/- രൂപയാണ് കുറഞ്ഞ പെൻഷനായി ലഭിക്കുന്നത്.<br>ഏജന്റുമാർക്കായി മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സൗകര്യവും ക്യാൻസർ ചികിത്സാ പദ്ധതിയും നിലവിലുണ്ട്. ആരോഗ്യ ഇൻഷുറൻസ് പദ്ധതി നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**